# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - സർക്കാർ സംഗീത കോളേജുകൾ- മൃദംഗം വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ - പൊതുസ്ഥലമാറ്റം-2020- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം.ബി3/5098/2020/കോ.വി.വ തീയതി : 17/08/2020

---

പരാമർശം:-

1) ഈ കാര്യാലയത്തിലെ 08/01/2020 തീയതിയിലെ എ1/60002/2020/കോ.വി.വ നമ്പർ സർക്കുലർ.
2) G.O (MS) No. 27/1994/H.Edn dated 21/02/1994
3) G.O (MS) No. 114/2004/H.Edn dated 01/08/2004
4) G.O (P) No. 01/2005/H.Edn dated 04/01/2006
5) G.O (P) No. 06/2007/ P & RD dated 04/12/2007
6) 28/05/2020 തീയ്യതിയിലെ B3/5098/2020/D CE നമ്പർ കരട് സ്ഥലമാറ്റ പട്ടിക
7) G.O (MS) No. 130/2017/H.Edn dated 16/05/2017
8) G.O (P) No. 3/2017/ P & RD dated 25/02/2017
9) G.O (P) No. 918/2020/ H.Edn dated 03/07/2020

## ഉത്തരവ്

സർക്കാർ സംഗീത കോളേജുകളിലെ മൃദംഗം വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരുടെ 2020-21 അക്കാദിമിക വർഷത്തെ പൊതു സ്ഥലമാറ്റ കരട് പട്ടിക പരാമർശം (6) പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി അതിന്മേൽ പരാതിയുണ്ടെങ്കിൽ ആയത് ഉത്തരവ് തീയ്യതി മുതൽ പത്ത് ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതിൻമേൽ പരാതികൾ ഒന്നുംതന്നെ നാളിതുവരെയും ലഭ്യമായിട്ടില്ല.

മേൽ സൂചന (6) പ്രകാരമുള്ള കരട് സ്ഥലമാറ്റ പട്ടികയിൽ തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജിൽ നിന്നും പാലക്കാട്, ചെമ്പൈ മേമ്മോറിയൽ സംഗീത കോളേജിലേക്ക് സ്ഥലമാറ്റത്തിനായി ശുപാർശ ചെയ്തിരുന്ന മൃദംഗം വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ശ്രീ. ജി. രാജേഷ്നാഥിനു സൂചന (9) പ്രകാരം പ്രൊഫസറായി സ്ഥാനക്കയറ്റം നൽകിയതു മൂലം തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജിൽ ഉണ്ടായ അസിസ്റ്റന്റ് പ്രൊഫസർ ഇൻ മൃദംഗം തസ്തികയിലേക്ക് പാലക്കാട്, ചെമ്പൈ മെമ്മോറിയൽ സംഗീത കോളേജിലെ മൃദംഗം വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. അനിൽകുമാർ. പി യെ ടിയാന്റെ അപേക്ഷ പരിഗണിച്ചു തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജിൽ ശ്രീ. രാജേഷ് നാഥ് നെ വിടുതൽ ചെയ്ത ഒഴിവിൽ നിയമിച്ചു ഉത്തരവാകുന്നു.

സ്ഥലമാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതും, സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www. collegiate edu.kerala.gov.in) ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്ന് വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ഒപ്പ്/-
വി. വിഗ്നേശ്വരി ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് .

1. ബന്ധപ്പെട്ട പ്രിൻസിപ്പൾമ്മാർക്ക്
2. അക്കൗണ്ടന്റ് ജനറൽ
3. ബന്ധപ്പെട്ട ജീവനക്കാർക്ക്
4. ഔദ്യോഗിക വെബ്സൈറ്റിലേയ്ക്ക്

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.യു.19/08/2020

113291